# ക്രിസ്തീയ കുടുംബ പ്രതിഷ്ഠാദിന ശുശ്രൂഷക്രമം

(1951 –ൽ ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെയും മാർത്തോമ്മാ സഭയുടേയും മേലദ്ധ്യക്ഷന്മാരുടെ അനുമതിയോടു കൂടെ തയ്യാറാക്കപ്പെട്ടത്)

കൗമാ

പ്രാരംഭ പ്രാർത്ഥന

## 1. സ്തോത്രം

ഞങ്ങളുടെ സൃഷ്ടാവായ ദൈവമേ! ഞങ്ങൾ തൻകാര്യശീലം വെടിഞ്ഞു പരസ്പരം സേവനത്തിൽ താല്പര്യമുള്ളവരായി പ്രവർത്തിക്കുന്നതിന്, ഞങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന കുടുംബ ജീവിതത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾക്ക് ഇഹലോകത്തിലെ ജീവിത സൗഖ്യം അനുഭവിക്കുന്നതിനും അതിലെ കൃത്യങ്ങൾ നിറവേറ്റുന്നതിനുമായി പ്രത്യേകം ലഭിച്ചിരിക്കുന്ന ഞങ്ങളുടെ ഭവനങ്ങൾക്കായും കുടുംബാംഗങ്ങൾക്കായും ഞങ്ങൾ അങ്ങേയ്ക്കു സ്തോത്രം അർപ്പിക്കുന്നു. കുടുംബം അവിടുത്തെ ദാനമാണെന്നും മഹത്വകരമായ ദിവ്യോദ്ദേശം അതുമുഖാന്തിരം നിറവേറ്റുന്നു എന്നും ഓർത്ത് നന്ദിയോടെ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ പുതുജീവൻ പകരപ്പെട്ട് ഞങ്ങളുടെ കുടുംബം യഥാർത്ഥ കൂട്ടായ്മയിൽ നിലനിൽക്കുന്നതിന് അവിടുത്തെ ഈ മനോഹര ദാനത്തേക്കുറിച്ചുള്ള നന്ദിയും സ്തോത്രവും സദാ ഞങ്ങളിൽ ഉണ്ടായിരിപ്പാൻ കൃപ നൽകണമെന്ന് യേശു മശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**പ്രതിവാക്യം : ദൈവമേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.**

1. സ്ത്രീ പുരുഷബന്ധം വിശുദ്ധവും, ജീവിതം കരുതലുള്ളതും ആകേണ്ടതിന്, വിശുദ്ധ വിവാഹം ഞങ്ങൾക്ക് നിയമിച്ചു തന്നിരിക്കുന്നതിനായി.....
2. സ്നേഹത്തെക്കുറിച്ച് ഞങ്ങൾക്ക് വേണ്ടവിധം മനസിലാക്കത്തക്കവണ്ണം ഇടയാക്കിയ ഞങ്ങളുടെ സ്വന്ത ഭവനങ്ങൾക്കായി.....
3. അമ്മയുടെ സ്നേഹത്തിനും, ആർദ്രതയ്ക്കും, പിതാവിന്റെ നടത്തിപ്പിനും ശക്തിക്കും സഹോദരീ സഹോദരന്മാരുടെ കൂട്ടായ്മക്കുമായി.....
4. സ്വന്ത കാര്യങ്ങളേക്കാൾ മറ്റുള്ളവരേപ്പറ്റി വിചാരപ്പെടാൻ പഠിപ്പിക്കുന്ന കുടുംബജീവിതത്തിലെ സാമൂഹ്യ ജീവിത വിശേഷതയ്ക്കായി.....
5. അപ്പൻ, അമ്മ, മക്കൾ എന്നിങ്ങനെ പലരായ ഞങ്ങളെ ഒന്നാക്കി തീർക്കുന്നതായ സത്യസ്നേഹത്തിന്റെ നിത്യബന്ധത്തിനായി.....
6. ജോലികൾക്കായി ഞങ്ങളെ ഒരുക്കി അയയ്ക്കുകയും ജോലികൾക്കു ശേഷം തിരിച്ചു വന്ന് വിശ്രമിക്കുകയും ആശ്വസിക്കുകയും ചെയ്യുന്ന ഞങ്ങളുടെ സ്വന്ത ഭവനങ്ങൾക്കായി.....
7. പുറത്തുള്ള വിസ്തൃതമായ ലോകത്തിൽ ഞങ്ങൾക്കുള്ള ചുമതലകൾ നിറവേറ്റുന്നതിന് ഞങ്ങളെ ഒരുക്കുന്ന ഞങ്ങളുടെ ഭവനങ്ങൾക്കായി.....
8. ഞങ്ങളുടെ ആരോഗ്യനിലയെ പരിപോഷിപ്പിക്കുവാൻ ഞങ്ങൾക്ക് അവിടുന്ന് സൗജന്യമായി തന്നിരിക്കുന്ന സൂര്യപ്രകാശം, ശുദ്ധവായു, ശുദ്ധജലം എന്നീ പ്രകൃതി സമ്പത്തുകൾക്കായി.....
9. അതാത് സമയങ്ങളിൽ അവിടുന്ന് നൽകിക്കൊണ്ടിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾക്കായി.....
10. ഞങ്ങളുടെ ജോലിത്തിരക്കുകളുടെ ഭാരം ലഘൂകരിച്ചു തരുന്നവരുടെ സേവനത്തിനും സഹായത്തിനുമായി.....
11. ഞങ്ങൾ രോഗികളായിത്തീരുമ്പോൾ ലഭിച്ചു വരുന്ന വൈദ്യസഹായത്തിനും പ്രത്യേകിച്ച് ഡോക്ടറന്മാർ, നേഴ്സുമാർ മുതലായവരുടെ നിസ്വാർത്ഥ സേവനങ്ങൾക്കുമായി.....
12. ഞങ്ങളുടെ കുട്ടികൾക്ക് വിജ്ഞാന പ്രകാശം നൽകി വരുന്ന സണ്ടേസ്ക്കൂൾ, പള്ളിക്കൂടം, കോളേജ്, മുതലായ എല്ലാ വിദ്യാലയങ്ങൾക്കുമായി.....

13. ഞങ്ങളെയും ഞങ്ങളുടെ ഭവനങ്ങളെയും ദൈവകൃപയിലും ദൈവീക പരിജ്ഞാനത്തിലും വളരുവാൻ അഭ്യസിപ്പിക്കുന്നതിന് തലമുറതലമുറകളായി ഞങ്ങളുടെ പൂർവ്വന്മാർ മുഖാന്തരം രൂപവല്ക്കരിക്കപ്പെട്ടിരിക്കുന്ന തിരുസഭയ്ക്കും വിശിഷ്യ ഞങ്ങളുടെ ____________________ (*ഇടവകയുടെ പേര്*) ഇടവകയ്ക്കുമായി.....

## 2. അനുതാപം

**പ്രതിവാക്യം : ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ**

1. ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ ഞങ്ങളിൽ വന്നു പോയ എല്ലാ വീഴ്ചകളേയും.....
2. ഞങ്ങളുടെ പൈതങ്ങളുടെ എല്ലാ അനുസരണക്കേടിനേയും, മാതാപിതാക്കന്മാരെന്ന മുറയ്ക്ക് ഞങ്ങളിൽ വന്നു പോയിട്ടുള്ള എല്ലാ നടപടിപിശകുകളേയും മറ്റുള്ളവരോട് ഞങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള എല്ലാ സ്നേഹക്കുറവിനേയും.....
3. സത്യവിരുദ്ധത, അതിലാഭമോഹം എന്നീ ദോഷങ്ങളാൽ ഞങ്ങളിൽ വന്നു പോയ ക്രമവിരുദ്ധ നടപടികളേയും.....
4. പള്ളിയാരാധനയിലും, കുടുംബാരാധനയിലും സംബന്ധിപ്പാൻ ഞങ്ങളിൽ വന്നുപോയ അനാസ്ഥയേയും.....
5. അയൽക്കാരെക്കുറിച്ചുള്ള നിർവ്വിചാരത്വവും ഭവനങ്ങൾ പരസ്പരം ആദരവോടെ ആവർത്തിപ്പാൻ കഴിയാതിരുന്നിട്ടുള്ളത്.....
6. വിവാഹ കാര്യങ്ങളിൽ പണത്തിന് അമിത പ്രാധാന്യം കൊടുത്തതും അമിതച്ചെലവ്, ആഡംബരഭ്രമം എന്നിവയാൽ വന്നിട്ടുള്ള ദോഷങ്ങളേയും.....
7. ഭവനത്തിന്റെ ഐശ്വര്യത്തിനും നിന്റെ നാമമഹത്വത്തിനും വിഘാതമായി തീർന്നിട്ടുള്ള മദ്യപാനം, ദുർവൃത്തി, അസത്യം മുതലായ ഞങ്ങളുടെ ജീവിത ക്രമക്കേടുകൾ.....
8. സേവനത്തിനും സുവിശേഷവേലയ്ക്കും ആഗ്രഹമുള്ള ഞങ്ങളുടെ പുത്രീപുത്രന്മാരെ ആയതിന് അനുവദിക്കതിരുന്നിട്ടുള്ളത്.....
9. നിന്റെ നാമം ധരിച്ചിരിക്കുന്നവരായ ഉദ്യോഗസ്ഥന്മാർ അഴിമതി, കൈക്കൂലി മുതലായവയ്ക്ക് പലപ്പോഴും വിധേയരായിത്തീർന്നുപോയിട്ടുള്ളത്.....
10. ഞങ്ങളുടെ പൗരാവകാശത്തിന്റെ പദവിയായ സമ്മതിദാനം നൽകാതിരുന്നതും, വ്യക്തി വിദ്വേഷം, കക്ഷിത്വം, മുഖപക്ഷം എന്നീ ദോഷങ്ങളിൽ വീണു പോയത്.....
11. ലോകസമാധാനത്തിന് പ്രാർത്ഥനയാലോ പ്രവൃത്തിയാലോ ഞങ്ങൾക്ക് നല്കാമായിരുന്ന അല്പമായ സംഭാവന നൽകാതെയിരുന്നത്.....

## 3. അപേക്ഷ

സ്വർഗസ്ഥപിതാവേ ഞങ്ങളുടെ ഭവനങ്ങളെ അവിടുത്തെ വാസസ്ഥലമാക്കി തീർക്കുകയും ഞങ്ങളുടെ കുടുംബജീവിതത്തിൽ അവിടുത്തെ സാന്നിധ്യം ഉണ്ടായിരിക്കുകയും ചെയ്യേണമേ നിർമ്മല സ്നേഹവും, ദീർഘക്ഷമയും ഞങ്ങളുടെ ഭവനങ്ങളിൽ പരിശീലിക്കുവാൻ അവിടുത്തെ കൃപ ധാരാളം ഞങ്ങൾക്ക് പകർന്നു തരേണമേ. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്നോർത്ത് പെരുമാറുവാൻ ഞങ്ങളെ സഹായിക്കേണമേ. അവിടുത്തെ പരിശുദ്ധാത്മ സ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങൾ നിറയപ്പെടുകയും, ഞങ്ങളുടെ ഭവനങ്ങൾ ഭരിക്കപ്പെടുകയും ചെയ്യുമാറാകണമേ. മാതാപിതാക്കന്മാർക്ക് മക്കളിൽ വിശ്വാസം വർദ്ധിക്കുകയും മക്കൾ തങ്ങളേക്കാൾ പ്രായം കൂടിയവരുടെ അനുഭവങ്ങളിൽ നിന്നു പഠിക്കുകയും അങ്ങനെ തലമുറകൾ തമ്മിൽ തമ്മിൽ വിശ്വാസവും, സഹകരണവും ഉള്ളവരായി സ്നേഹബന്ധത്തിൽ കാക്കപ്പെടുകയും ചെയ്യുമാറാകണമെന്ന് യേശു മശിഹാ മൂലം ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

## 4. മദ്ധ്യസ്ഥപ്രാർഥന

എല്ലാവരുടേയും പിതാവായ ദൈവമേ, സ്വന്തം വീടില്ലാത്തവരും, കരുതുവാൻ ആരുമില്ലാത്തവരും, ജീവിത നൈരാശ്യത്താൽ ക്ലേശിക്കുന്നവരും, മറ്റുള്ളവരാൽ നിന്ദിക്കപ്പെട്ടവരും, സമുദായത്തിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരും, കടം മൂലം നശിച്ചു പോയവരും, അശുദ്ധ ജീവിതത്താൽ തകർന്നുപോയവരും ആയ എല്ലാവരേയും ഞങ്ങൾ ഓർത്ത് പ്രാർത്ഥിക്കുന്നു. അവരെയെല്ലാം സ്നേഹിക്കുന്ന ഒരു പിതാവായി അവിടുന്ന് ഉണ്ടെന്നറിഞ്ഞ് അവരുടെ പരിതാപകരമായ ജീവിതത്തിന്റെ മദ്ധ്യത്തിൽ അവിടുത്തെ സ്നേഹത്തെ ആസ്വദിക്കുകയും അങ്ങയോടും സഹോദരവർഗ്ഗത്തോടും ഉള്ള കൂട്ടായ്മ അനുഭവിക്കുകയും ചെയ്യുവാൻ പരിശുദ്ധാത്മാവ് അവരെ നടത്തണമെന്ന് യേശുമശിഹാ മൂലം ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

## 5. ധ്യാനം

പട്ടക്കാരൻ: ഇതാ ഞാനും യഹോവ എനിക്കു തന്ന മക്കളും സീയോൻ പർവതത്തിൽ അധിവസിക്കുന്ന സൈന്യങ്ങളുടെ യഹോവയാൽ യിസ്രായേലിൽ അടയാളങ്ങളും അത്ഭുതങ്ങളുമായിരിക്കുന്നു....

(യെശ. 8:18)

ജനം : കർത്താവേ നിന്റെ തിരുസഭയുടെ മദ്ധ്യേ ഞങ്ങൾക്കും ഈ പദവിയും പ്രാഗത്ഭ്യവും ലഭിക്കേണ്ടതിന് കൃപയോട് ഞങ്ങളേയും ഞങ്ങളുടെ മക്കളേയും അനുഗ്രഹിക്കേണമേ, എന്തെന്നാൽ ഞങ്ങളും ഞങ്ങളുടെ സന്തതികളും നിന്റെ സഭയുടെ ജീവനുള്ള കല്ലുകളായിരിക്കുന്നതിന് നീ നിയമിച്ചിരിക്കുന്നുവല്ലോ....

പ. മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ....

(സങ്കീ. 127:3)

ജ. ദൈവമേ നിന്റെ വിലയേറിയ ദാനങ്ങളാകുന്ന ഞങ്ങളുടെ മക്കൾക്കായിട്ട് ഞങ്ങൾ നിന്നെ സ്തുതിക്കുന്നു....

പ. മക്കളേ വന്ന് എനിക്കു ചെവി തരുവിൻ, യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചു തരാം....

(സങ്കീ. 34:11)

ജ. ദൈവമേ ഞങ്ങളുടെ ഉപദേശം കൊണ്ടും പെരുമാറ്റം കൊണ്ടും ഞങ്ങളുടെ മക്കൾക്കു ദൈവ ഭക്തിയുടെ മാർഗ്ഗം തെളിയിച്ചു കൊടുപ്പാൻ ഞങ്ങളെ തുണക്കേണമേ.

പ. അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ല് പുളിച്ചു എന്നു നിങ്ങൾ യിസ്രായേൽ ദേശത്ത് ഒരു പഴഞ്ചൊല്ല് പറയുന്നതെന്ത്? (യെഹ. 18:2)

ജ. ദൈവമേ ഞങ്ങളുടെ കുഞ്ഞുങ്ങൾ പില്ക്കാലത്ത് ലജ്ജിക്കുകയോ സങ്കടപ്പെടുകയോ ചെയ്‌വാൻ ഇടയാകുന്ന സകല ദോഷക്രിയകളിൽ നിന്നും പിഴച്ച മാർഗ്ഗങ്ങളിൽ നിന്നും ഞങ്ങളെ നീ കാത്തുകോള്ളേണമേ.

പ. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. (സദൃ. 22:6)

ജ. ദൈവമേ, ഞങ്ങളുടെ കുഞ്ഞുങ്ങളെ സത്യത്തിന്റെയും വിശുദ്ധിയുടെയും വഴിയിൽ നടത്തുന്നതിന് വേണ്ട ജ്ഞാനവും, കൃപയും നിന്റെ വിശുദ്ധ റൂഹായാൽ ഞങ്ങൾക്ക് ദാനം ചെയ്യേണമേ.

പ. ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും. (യോശു. 24:15)

ജ. ദൈവമേ, ഇപ്രകാരം തീരുമാനിപ്പാനും, തീരുമാനം പാലിപ്പാനും നിന്റെ സഹായം ഞങ്ങൾക്കു ദാനം ചെയ്യേണമേ.

## 6. പ്രതിഷ്ഠ

**പ്രതിവാക്യം : ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും**

1. യഹോവ എന്റെ ഇടയനാകുന്നു, എനിക്കു മുട്ടുണ്ടാകയില്ല.... (സങ്കീ. 23:1)
2. ദൈവം യിസ്രായേലിന്, നിർമ്മലഹൃദയമുള്ളവർക്ക് തന്നെ, നല്ലവനാകുന്നു നിശ്ചയം.... (സങ്കീ. 73:1)
3. യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ, നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും, നിനക്ക് നന്മ വരും.... (സങ്കീ. 128: 1,2)
4. നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും.... (സങ്കീ. 128: 3)
5. നിന്റെ മക്കളുടെ മക്കളേയും നീ കാണും, യിസ്രായേലിന്മേൽ സമാധാനം ഉണ്ടാകട്ടെ.... (സങ്കീ. 128: 6)
6. ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു.... (സങ്കീ. 133:1)
7. യഹോവ വീട് പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു.... (സങ്കീ. 127: 1)
8. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു. നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു. അത് എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു. ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥികൂടം നിനക്ക് മറവായിരുന്നില്ല. ഞാൻ പിണ്ഡാകാരമായപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു. നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു. ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്ക് എത്ര ഘനമായവ! അവയുടെ ആകെത്തുകയും എത്ര വലിയത്.... (സങ്കീ. 139:14–17)
9. ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ.... (സങ്കീ. 119: 9)
10. നിന്റെ യൗവനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക. ദുർദ്ദിവസങ്ങൾ വരികയും എനിക്ക് ഇഷ്ടമില്ല എന്നു പറയുന്ന കാലം സമീപിക്കുകയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടു പോകയും മഴ പെയ്ത ശേഷം മേഘങ്ങൾ മടങ്ങി വരികയും ചെയ്യും മുമ്പു തന്നെ.... (സഭാപ്ര. 12:1–2)
11. ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു.... (എഫെ. 3:14)
12. ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടു കൂടെ വസിക്കും, അവൻ അവന്റെ ജനമായിരിക്കും, ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും.... (വെളി. 21:3)

## 7. പ്രാർത്ഥന

സർവ്വശക്തനും നിത്യനും ആയ ദൈവമേ! അവിടുന്ന് എല്ലാവരുടേയും പിതാവാണെന്നുള്ള വെളിപ്പാടിനാൽ, എല്ലായിടത്തുമുള്ള എല്ലവരും തമ്മിൽ തമ്മിൽ സഹോദരങ്ങളാണെന്നും ഞങ്ങളെ പഠിപ്പിക്കേണമേ! മനുഷ്യ ജീവിതത്തിലെ എല്ലാ പരസ്പര ബന്ധങ്ങളിലും ഈ സാഹോദര്യം പൂർണ്ണമാക്കപ്പെടുവാൻ അവിടുത്തെ സാർവ്വത്രിക സ്നേഹം ഞങ്ങൾക്ക് നൽകേണമേ. ക്രിസ്തീയ കുടുംബജീവിതത്താൽ ഇതിനാവശ്യമായ ജീവചൈതന്യം ഞങ്ങൾക്ക് ലഭിക്കുമാറാകേണമേ. ഈ വിസ്തൃത ലോകം ഒരു കുടുംബമായി തീരുവാൻ തക്കവണ്ണം പരസ്പരം വിശ്വാസം, സ്നേഹം, സഖിത്വം എന്നീ വിശിഷ്ടഗുണങ്ങൾ ഞങ്ങളുടെ ഇടയിൽ വർദ്ധിക്കുമാറാകേണമേ! അങ്ങനെ ഞങ്ങൾ ഒടുവിൽ, നിത്യസമാധാനവും നിത്യ സന്തോഷവും, നിത്യസ്നേഹവും പരിപൂർണ്ണമായിരിക്കുന്ന അവിടുത്തെ നിത്യ രാജ്യത്തിലേക്ക് പ്രവേശിപ്പാൻ കൃപയരുളുകയും ചെയ്യേണമേ! ഇപ്രകാരം ഞങ്ങളെ സ്നേഹിച്ച് വീണ്ടെടുത്ത് പിതാവിനോട് നിരപ്പിച്ചിരിക്കുന്ന ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാമൂലം ഞങ്ങളുടെ പ്രാർഥന കേൾക്കേണമേ. ആമേൻ